Light Books

കട്ടുറുമ്പിന്റെ കൊട്ടാരം



കാവ്യദാസ് ചേർത്തല

കട്ടുറുമ്പിന്റെ കൊട്ടാരം

കാവ്യദാസ് ചേർത്തല

Light Books

ലൈറ്റ് ബുക്സ്
കോഴിക്കോട്

MALAYALAM

KATTURUMBINTE KOTTARAM

By

Kavyadas Cherthala

First Published April 2011

Illustration
RAJESH
Roopam Arts Vatakara

Cover Design & Layout &
Naseer PK
Perfect Vatakara

Printing
Vinayaka Offset Shivakasi

Publishers

LIGHT BOOKS
C.C. Complex, Cheruvannoor
Farook, Calicut.
Ph: 0495-3174323

No part of this publication may be reproduced,
or transmitted in any form or
by any means, without prior written
permission of the publisher.

₹ 12/-

കട്ടുറുമ്പിന്റെ കൊട്ടാരം

നിൽക്കവിടെ....!!!

അപ്പുക്കുട്ടൻ ഞെട്ടിപ്പോയി. നോക്കുമ്പോഴുണ്ട് തലപ്പാവുവെച്ച രണ്ട് കട്ടുറുമ്പുകൾ. വിനോദയാത്രയ്ക്ക് കൂട്ടുകാരുമൊത്ത് ശിങ്കാരി മല കാണാനെത്തുമ്പോൾ ഇങ്ങനെയൊരു ഗതികേടിൽ പെടുമെന്നു കരുതിയില്ല. മലഞ്ചെരിവിലൂടെ നടക്കുമ്പോൾ ഒപ്പമുള്ള അന്തോണി മാഷ് പറഞ്ഞു: "കുട്ട്യോള് നേരെ നോക്കിനടക്കു. കൊക്കേല് വീണാല് പൊടിപോലും കിട്ടൂലാ..." മാഷ് പറഞ്ഞുതീരുംമുമ്പ് അപ്പു ക്കുട്ടന്റെ കാൽ തെറ്റിപ്പോയി. പിന്നെ കുറേ നേരത്തേയ്ക്ക് അവന് ഒന്നും ഓർമ്മയുണ്ടായില്ല.

കണ്ണുതുറന്നപ്പോൾ താനേതോ വിചിത്രലോകത്താണെന്ന് അവന് മനസ്സിലായി. കട്ടുറുമ്പുകൾ അടക്കിവാഴുന്ന ലോകം. മാനം മുട്ടെ പൊങ്ങിനിൽക്കുന്ന ഒരു വലിയ കൊട്ടാരം. തൂണുകളിൽ കാണുന്ന കൊത്തുപണികൾ ഏതോ ശിലായുഗത്തിലേതാണെന്നു തോന്നുന്നു. മനുഷ്യരേക്കാൾ വലുപ്പമുള്ള ആ രണ്ടുറുമ്പുകളിൽ ഒരാൾക്ക് തന്റെ ചെറിയച്ഛന്റെ മുഖച്ഛായയുണ്ടെന്ന് അവന് തോന്നി. മറ്റേ ഉറുമ്പിന് വർക്കിമാഷിന്റേയും.

പച്ചീർക്കിൽപോലെയുള്ള ഏതോ ഒരു ആയുധം അപ്പുവിന്റെ കീഴ്ത്താടിയിൽ അമർത്തിക്കൊണ്ട് അതിലൊരു ഉറുമ്പ് ചോദിച്ചു:

"നിനക്കെന്താണിവിടെ കാര്യം?" ഇവിടെയെത്തിയിട്ടുള്ള അന്യഗ്ര ഹജീവികളൊന്നും തന്നെ ഇതേവരെ ജീവനോടെ പോയിട്ടില്ലെന്ന് നിനക്കറിഞ്ഞുകൂടേ?"

അവൻ ഒന്നും മറുപടി പറഞ്ഞില്ല. തൊട്ടടുത്തുള്ള അടുപ്പിന്മേ ലിരിക്കുന്ന വലിയ ചെമ്പിനുള്ളിൽ എണ്ണ തിളച്ചുമറിയുന്നു. അപ്പോൾ തന്നെ അതിലിട്ട് കൊല്ലുവാനാണ് ഇവരുടെ ഉദ്ദേശ്യം. രക്ഷപ്പെടാ നെന്താണൊരു വഴി?

"എന്നെ ഒന്നും ചെയ്യരുതേ..." അവൻ കേണപേക്ഷിച്ചു.

"ഏയ് ഒന്നും ചെയ്യില്ല. നിന്നെ എണ്ണയിലിട്ട് ഞങ്ങൾ പൊരിച്ചെ ടുക്കും."– അവർ അട്ടഹസിച്ചു.



തുടർന്ന് ഇരുവരും ചേർന്ന് വലിച്ചിഴച്ച് അവനെ രാജസന്നിധിയിൽ എത്തിച്ചു. "പഞ്ചസാരപ്പാട്ടയിൽ അറിയാതെയൊന്ന് കയറിപ്പോകുന്ന പാവം ഉറുമ്പുകളെ നിങ്ങളെന്താ ചെയ്യുന്നത്. പഞ്ചസാരയോടൊപ്പം തിളച്ച ചായയിലേയ്ക്കിടും. എന്നിട്ട് അവരുടെ ശവം അരിച്ചുമാറ്റി അതേ ചായതന്നെ കുടിക്കും. ചിലർ അരിക്കുക പോലുമില്ല. കറുത്ത ഉറുമ്പ് കണ്ണിന് നല്ലതാണത്രെ." ഉറുമ്പ് മഹാരാജാവ് പറഞ്ഞുനിർത്തി.

"അല്ല.... ഞാനൊന്നു പറയട്ടെ."

"മിണ്ടിപ്പോകരുത്. മഹാരാജാവ് അരുളിച്ചെയ്യുന്നത് നീ കേട്ടോണ്ടാൽ മതി." സേവകരിലൊരുവൻ പറഞ്ഞു.

"ആരവിടെ ഇവനെക്കുറിച്ചുള്ള കുറ്റപത്രം വായിക്കൂ." മഹാരാജാവിന്റെ ആജ്ഞ പ്രകാരം മറ്റൊരു ഭടൻ കുറ്റപത്രം വായിച്ചു തുടങ്ങി.

അപ്പുമാധവൻ വയസ്സ് 11. നാളിതുവരെ ഇരുപത്തെണ്ണായിരത്തി അറുനൂറ്റിമുപ്പത്തിഎട്ട് പാവം ഉറുമ്പുകളെ കൊന്നൊടുക്കി. അതിൽ ഒൻപതിനായിരത്തി എണ്ണൂറ്റി അൻപത് കറുത്ത വർഗ്ഗക്കാരും പതിനെണ്ണായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ് ചെന്തലയൻമാരും.

"കണക്കുതെറ്റാണ്!!!" അപ്പു ഉറക്കെ വിളിച്ചുപറഞ്ഞു. "എന്ത്??" ഉറുമ്പുകൊട്ടാരം ഒന്നടങ്കം ഞെട്ടിവിറച്ചു.

"അതെ. നിങ്ങളുടെ കണക്ക് തെറ്റാണ്. സംശയമുണ്ടെങ്കിൽ ഒന്നുകൂടി പരിശോധിക്ക്."- അപ്പു അല്പം ഗൗരവത്തോടെ പറഞ്ഞു.

കമ്പ്യൂട്ടറിന് മുമ്പിലിരുന്ന കണക്കനുറുമ്പ് മണുങ്ങൂസൻ അതു ശരിവെച്ചു. അവൻ കട്ടുറുമ്പ് മഹാരാജാവിനോട് പറഞ്ഞു: "തിരുമനസ്സേ, തെറ്റുപറ്റിയത് നമുക്കാണ്. ഈ മിടുക്കൻകുട്ടി പറഞ്ഞതാ ശരി."

കട്ടുറുമ്പ് മഹാരാജാവ് കണക്കുകളിലൂടെ കണ്ണോടിച്ചു. അദ്ദേഹത്തിന് തെറ്റ് ബോധ്യമായി. "കണക്ക് തെറ്റിച്ച മണുങ്ങൂസനെ തുറുങ്കിലടയ്ക്കൂ. കണക്കിൽ മിടുക്കനായ ഇവനെ മോചിപ്പിക്കൂ." മഹാരാജാവിന്റെ കല്പന പ്രകാരം ഉറുമ്പുഭടൻമാർ മണുങ്ങൂസനെ പിടിച്ചുകൊണ്ടുപോയി. അപ്പു ഇപ്പോൾ സ്വതന്ത്രനാണ്. "അരുത് മഹാ

രാജാവേ, അരുത് മണുങ്ങൂസനെ ശിക്ഷിക്കരുത്. കണക്ക് പൊതുവെ ബുദ്ധിമുട്ടുള്ള ഒരു വിഷയമാണ്. പഠിക്കുന്നകാലത്ത് കണക്കുക്ലാസിൽ കയറാതെ ഗോലികളിച്ചു നടന്നതുകൊണ്ടാവാം മണുങ്ങൂസന് ഈ ഗതിവന്നത്. ഇത്തവണത്തേക്ക് മാപ്പുകൊടുത്താലും."

അപ്പുവിന്റെ അഭ്യർത്ഥനയ്ക്ക് മുമ്പിൽ കട്ടുറുമ്പ് മഹാരാജാവിന്റെ മനസ്സലിഞ്ഞു.

"ശരി, അപ്പു പറഞ്ഞതുകൊണ്ട് മാത്രം നാം മണുങ്ങൂസന്റെ തെറ്റ് ക്ഷമിച്ചിരിക്കുന്നു. അപ്പു നമുക്കുവേണ്ടി ഒരു സഹായം ചെയ്യണം."

"കല്പിച്ചാലും തിരുമനസ്സേ"- അപ്പുവിന് ഇപ്പോൾ എന്തെന്നില്ലാത്ത ധൈര്യം കൈവന്നിരിക്കുന്നു.

"സമയം കിട്ടുമ്പോഴൊക്കെ ഈ മണുങ്ങൂസനെ കണക്ക് പഠിപ്പിക്കണം. ഫീസ് എത്രയാണെന്നുവെച്ചാൽ മടിക്കാതെ പറഞ്ഞോളൂ.."

"ഫീസ്... ഫീസ്..."- അപ്പുവിന്റെ ശബ്ദം തൊണ്ടയിൽ തടഞ്ഞു.

"അല്ലെങ്കിൽ വേണ്ട, അപ്പുവിന്റെ ഫീസ് നാംതന്നെ നിശ്ചയിക്കാം. ആരവിടെ..." മഹാരാജാവിന്റെ കല്പനപ്രകാരം സേവകർ കൊണ്ടുവന്ന താലത്തിലേയ്ക്ക് അപ്പു ഒന്നേ നോക്കിയുള്ളൂ. രത്നക്കല്ലുകളുടെ ശക്തിയേറിയ പ്രകാശത്തിൽ കണ്ണുചിമ്മിപ്പോകുന്നു!! ഒപ്പം പുതുമ മങ്ങാത്ത നോട്ടുകെട്ടുകളും.

"എടുത്തോളൂ... ഇത് മുഴുവനും അപ്പുവിനുള്ളതാണ്."

പിന്നെ മടിച്ചില്ല. നിമിഷങ്ങൾക്കുള്ളിൽ അതുമുഴുവനും തോൾബാഗിൽ കുത്തിനിറച്ചു.

"ഇതുകൂടി ഇരിക്കട്ടെ." ഒരു സർട്ടിഫിക്കറ്റ് ആരോ എടുത്തുനീട്ടി.

"വാങ്ങിക്കോളൂ അപ്പൂ. ബുദ്ധിമാനായ കുട്ടിക്ക് ഈ ഉറുമ്പുകൊട്ടാരത്തിന്റെ ഒരു എളിയ അംഗീകാരം." മഹാരാജാവിന്റെ സ്വരത്തിൽ വാത്സല്യത്തിന്റെ കിനിവ്.

ഹാവൂ! ആശ്വാസമായി. ഇനി വർക്കിമാഷിന്റെ 'കിഴങ്ങൻ' എന്നുള്ള വിളി കേൾക്കേണ്ടിവരില്ല. ഈ സർട്ടിഫിക്കറ്റ് ആദ്യം മാഷിനെയാണ് കാണിക്കേണ്ടത്. ഗോപീകൃഷ്ണനും ആന്റണിയുമൊക്കെ

ഇതു കാണുമ്പോൾ കൂട്ടുകൂടാൻ വരും. ഒരു കണക്കുപോലും കാണിച്ചുതരാത്ത കണ്ണീച്ചോരയില്ലാത്തവൻമാരാ... ഇങ്ങുവരട്ടെ... ഉറുമ്പു മഹാരാജാവിനോട് യാത്രചോദിച്ച് മുന്നോട്ടുനീങ്ങുമ്പോൾ അപ്പു സർട്ടിഫിക്കറ്റിലൂടെ ഒന്നു കണ്ണോടിച്ചു. മഹാരാജാവിന്റെ ഒപ്പില്ല. "ഇതിൽ ഒപ്പിട്ടിട്ടില്ല, ഒപ്പിട്ടില്ലെങ്കിൽ വർക്കിമാഷ് സമ്മതിക്കില്ല."

"ഒന്നു മിണ്ടാതെ കിടക്കെടാ. തുടങ്ങി അവന്റെയൊരു പിച്ചുംപേയും പറച്ചില്. ഒപ്പൊക്കെ നാളെ സ്കൂളിൽ വന്ന് മാഷിന്റെ മുന്നിൽവെച്ച് ഇട്ടുതരാം. നാണക്കേടുകൊണ്ട് തൊലിയുരിയുമെന്ന



തോർക്കുമ്പോഴാ... നിന്നെയൊക്കെ കണക്കു പഠിപ്പിച്ച് ആ പാവം മാഷ് കണക്ക് മറന്നുപോകുമോയെന്നതാ എന്റെ പേടി."

ഉറക്കച്ചടവോടെ കലിതുള്ളുന്ന അച്ഛന്റെ അടുത്തായി ചിരിയടക്കാൻ പാടുപെടുന്ന അമ്മയും അനിയത്തിയും നിൽക്കുന്നു!! അപ്പു വിളറിവെളുത്തുപോയി.

"കാൽ മണിക്കൂറായി നിന്റെ നാടകാഭിനയം തുടങ്ങിയിട്ട്. രാജാവെന്നോ, രത്നക്കല്ലെന്നോ ഒക്കെ പറയുന്ന കൂട്ടത്തിൽ ഏതോ ഒരു സർട്ടിഫിക്കറ്റിന്റെ കാര്യം പറയുന്നത് കേട്ടല്ലോ. ഏത് സർട്ടിഫിക്കറ്റാടാ??"- അമ്മ വെറുതെവിടുന്ന മട്ടില്ല.

എന്തുപറയാനാണ്. അപ്പു മിഴിച്ചുനിൽക്കുമ്പോൾ അവന്റെ കണക്കുപുസ്തകത്തിൽ നിന്നും അനിയത്തി ഒരു കടലാസ് വലിച്ചെടുത്തു. അവൾ പറഞ്ഞു: "ചിലപ്പോൾ ഇതായിരിക്കും."

കണക്കുപരീക്ഷയുടെ പേപ്പറിൽ വർക്കിമാഷ് വരച്ചുകൊടുത്ത ചുവന്ന മഷികൊണ്ടുള്ള വലിയ മുട്ട അവനെ നോക്കി കണ്ണുരുട്ടി. പാതിയോളം വായിച്ച് അടച്ചുവെച്ച 'ധീരനായ ഉറുമ്പ്' എന്ന കഥാപുസ്തകത്തിലെ നായകനായ ഉറുമ്പ് തന്നോട് പറയുന്നത് അപ്പോൾ അവൻ കേട്ടു. "ഡോൺട് വറി, ബി ഹാപ്പി"

26

നന്മയുടെ പ്രതിഫലം

'വേട്ടക്കാരാ, കരുണ കാണിക്കണേ'- തത്തയുടെ സ്വരം വേട്ടക്കാരന്റെ മനസ്സിനെ അലിയിപ്പിച്ചു. വലയിൽ കുരുങ്ങിക്കിടന്ന ആ പാവം പക്ഷിയെ അയാൾ ശ്രദ്ധിച്ചു. പുന്നെല്ലിന്റെ ഒരു ചെറിയ കതിർക്കുല കൊത്തിയെടുത്തുകൊണ്ടുള്ള വരവിനിടയ്ക്കാണ് അത് തന്റെ കെണിയിൽ പെട്ടത്.

വേട്ടക്കാരന്റെ സ്വരം ഇലകളുടെ മർമ്മരത്തേക്കാൾ മൃദുവായിരുന്നു. അയാൾ പറഞ്ഞു: "നിന്നെ ഞാനെങ്ങനെയാ തത്തേ വിട്ടയയ്ക്കുന്നത്". എത്രനാൾ കൂടിയാ ഒരു തത്ത എന്റെ വലയിൽ പെടുന്നത്. നിന്നെ ഞാൻ പട്ടണത്തിൽ കൊണ്ടുപോയി വിൽക്കും. മറ്റു വേട്ടക്കാരെ പോലെ ഞാൻ ജീവികളെ കൊല്ലാറില്ല. പട്ടണത്തിലെത്തിയാൽ നിന്നെ വാങ്ങുന്നവർ നിനക്ക് ഇഷ്ടംപോലെ പാലും പഴവും തരുമല്ലോ.."

"അല്ലയോ വേട്ടക്കാരാ താങ്കളുടെ വീട്ടിൽ ആരൊക്കെയുണ്ട്?"

"എന്റെ രണ്ടു പിഞ്ചുകുഞ്ഞുങ്ങൾ. അവരുടെ അമ്മ ചെറുപ്പത്തിലേ മരിച്ചുപോയി. എന്റെ മക്കളുടെ പട്ടിണി മാറ്റുവാൻ വേണ്ടിയാ ഞാൻ കിളികളെ പിടിച്ച് മുളംകൂടുകളിലാക്കി പട്ടണത്തിൽ കൊണ്ടുപോയി വിൽക്കുന്നത്." അയാൾ തന്റെ സാഹചര്യം വ്യക്തമാക്കി.



“നിങ്ങളെന്നെ പട്ടണത്തിൽ കൊണ്ടുപോയി വിറ്റോളൂ. അതിനുമുമ്പ് പുഴക്കരയുള്ള എന്റെ കൂട്ടിലേക്ക് ഒന്നുപോയി വരാൻ അനുവദിക്കണേ.”

“നിന്റെകൂട്ടിൽ ആരൊക്കെയുണ്ട്?”

“ചിറക് മുളച്ചിട്ടില്ലാത്ത മൂന്ന് കുഞ്ഞുങ്ങൾ. അവർക്ക് സ്വയമായി ആഹാരം തേടാനാവില്ലല്ലോ. കൂട്ടിൽ എന്റെ വരവും പ്രതീക്ഷിച്ച് ഇരിക്കുകയാണ് .അവർ. ഈ കതിർക്കുല അവർക്കുനൽകി ഞാൻ ഉടൻ തിരിച്ചുവരാം. പിന്നെ താങ്കൾ എന്നെ വിൽക്കുവാൻ കൊണ്ടുപൊയ്ക്കോളു. എന്നെ വിശ്വസിച്ച് പോകാൻ അനുവദിച്ചാലും.”

“അപ്പോൾ നിന്റെ കുഞ്ഞുങ്ങൾ”– വേട്ടക്കാരന്റെ ഹൃദയം ആർദ്രമായി.

അതോർത്ത് എനിക്ക് തെല്ലും ആശങ്കയില്ല. എന്റെയീ ആത്മ

സമർപ്പണം അവർക്ക് നല്ലതേ വരുത്തൂ. വിശന്നു തളർന്നിരിക്കുന്ന താങ്കളുടെ കുഞ്ഞുങ്ങളുടെ പട്ടിണിയകറ്റാൻ എന്നെ വിറ്റു കിട്ടുന്ന പണം ഉപകരിക്കുമെങ്കിൽ ഇതിൽപരം ഒരു പുണ്യം എനിക്കെന്താണുള്ളത്. ലോകപാലകനായ ഈശ്വരൻ ഹതഭാഗ്യരായ ആ കിളിക്കുഞ്ഞുങ്ങളോട് കാരുണ്യം കാട്ടാതിരിക്കില്ല.

വേട്ടക്കാരന്റെ കണ്ണു നിറഞ്ഞു. പാവം തത്തമ്മ. വലയിലകപ്പെടുത്തിയ വേട്ടക്കാരന്റെ പറക്കമുറ്റാത്ത കുഞ്ഞുങ്ങളുടെ വിശപ്പകറ്റാൻ ഈ പാവം പക്ഷി തയ്യാറാകുന്നു. താനോ തന്റെ മക്കൾക്കു വേണ്ടി മൂന്ന് കിളിക്കുഞ്ഞുങ്ങളുടെ ജീവിതം ഇരുട്ടിലാഴ്ത്തുന്നു.



“തത്തമ്മേ.... ” അയാൾ വിളിച്ചു. നീ തിരിച്ചു പൊയ്ക്കോളൂ ഇരുളു പരക്കുംമുമ്പേ വീട്ടിലെത്തി കുഞ്ഞുങ്ങൾക്ക് അന്നം നൽകൂ. കെണിയിലകപ്പെടുന്ന നിസ്സഹായരായ ജീവികൾക്കും ഒരു മനസ്സുണ്ടെന്ന് തിരിച്ചറിയാൻ ഇതേവരെ എനിക്കു കഴിഞ്ഞില്ല. എന്നോട് ക്ഷമിക്കൂ. നീ ഇന്ന് എന്റെ കണ്ണു തുറപ്പിച്ചു.” അയാൾ തത്തയെ സ്വതന്ത്രയാക്കി. അത് പറന്ന് അയാളുടെ തോളിൽ വന്നിരുന്നു. തിരിച്ചുകിട്ടിയ ജീവിതത്തിന് വേട്ടക്കാരനോടും ഈശ്വരനോടും നന്ദിപറഞ്ഞുകൊണ്ട് നിലത്തുകിടന്ന കതിർക്കുല കൊത്തിയെടുത്ത് നീലാകാശത്തിൽ ഒഴുകിനടക്കുന്ന വെൺമേഘങ്ങൾക്കിടയിലൂടെ തത്ത പറന്നു പോയി. കണ്ണിൽ നിന്നു മറയുവോളം വേട്ടക്കാരൻ അത് നോക്കിനിന്നു.

പിറ്റേന്ന് പുലർച്ചെ മക്കളുടെ ഉല്ലാസത്തിമർപ്പുകേട്ടാണ് അയാൾ ഉറക്കമുണർന്നത്.

“അച്ഛാ, ദേ നോക്ക്”

അയാൾക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല. മുറ്റത്തെ മാവിൻ ചുവട്ടിൽ ഒരു സ്വർണ്ണക്കതിർക്കുല കിടക്കുന്നു.!! വിസ്മയം പൂണ്ട് അത് നോക്കി നിൽക്കുമ്പോൾ അകലെയെങ്ങോ നിന്ന് ഒരു പനം തത്തയുടെ പാട്ട് അവരെ തഴുകിക്കൊണ്ട് കടന്നുപോയി.

ഗുരുദക്ഷിണ

വളരെക്കാലം മുൻപാണ്. കളരിയിൽ നിന്നും പഠനം പൂർത്തിയാക്കി പുതിയ കർമ്മപഥത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുന്ന ശിഷ്യന്മാർക്ക് ഗുരുനാഥൻ ഉപദേശം നൽകി.

"എല്ലാവരേയും സമഭാവനയോടെ കാണുക. വന്ദിച്ചില്ലെങ്കിലും നിന്ദിക്കരുത്. മാതാപിതാക്കളുടെ കണ്ണുനനയരുത്."



ശിഷ്യന്മാർ ഒക്കെയും ശ്രദ്ധാപൂർവ്വം കേട്ടു.

ഇടറുന്ന സ്വരത്തിൽ അദ്ദേഹം തുടർന്നു.

"നാളിതുവരെയായി ഞാൻ നിങ്ങളോട് ഒന്നും ആവശ്യപ്പെട്ടിട്ടില്ല. നിങ്ങൾ അറിഞ്ഞുതരുമെന്ന് കരുതി. ഇപ്പോൾ ചോദിക്കാതിരിക്കാൻ വയ്യ. അത്രയ്ക്കുണ്ട് ദാരിദ്ര്യം. ഗുരുദക്ഷിണ എത്രയും വേഗം കിട്ടിയാൽ ഉപകാരമായിരുന്നു." "ഗുരുനാഥാ, ഞങ്ങൾ നാളെത്തന്നെ തന്നുകൊള്ളാം. " ശിഷ്യഗണം ഒന്നടങ്കം പറഞ്ഞു.

"നന്നായ് വരും" - ഗുരു അവരെ അനുഗ്രഹിച്ചു.

പിറ്റേ ദിവസം

മ്ലാനവദനരായി നിൽക്കുന്ന ശിഷ്യന്മാരിൽ ഒരുവൻ പറഞ്ഞു: "ഞങ്ങളെല്ലാവരും ദക്ഷിണയുടെ കാര്യം വീടുകളിൽ പറഞ്ഞു."

"എന്നിട്ട് ......?" ഗുരു ആകാംക്ഷയോടെ ആരാഞ്ഞു.

"പോടാ, പോ.... ഇക്കാര്യം മേലിൽ പറഞ്ഞുപോകരുത്. എന്നായിരുന്നു മാതാപിതാക്കൾ പറഞ്ഞത്."– അവൻ തെല്ലൊരു സങ്കോചത്തോടെ പറഞ്ഞു നിർത്തി. ഒപ്പമുള്ള കുട്ടികളും അത് ശരിവച്ചു.

ഗുരുനാഥൻ മന്ദഹസിച്ചു. അകത്തെ കയർകട്ടിലിൽ വാതം പിടിച്ചു തളർന്നു കിടക്കുന്ന അച്ഛനെ അദ്ദേഹം നോക്കി. പിന്നെ പണ്ടെങ്ങോ അച്ഛൻ പഠിപ്പിച്ചുകൊടുത്ത പദ്യശകലം ഇങ്ങനെ ഉരുവിട്ടു.

"മൂഢാത്മാവിന്റെ മക്കളെ
കാടുകേറി നടക്കുമ്പോൾ
പാടുപെട്ടു പഠിപ്പിച്ചാൽ
'പോടാ, പോ'യെന്നനുഭവം"

നിറംമാറ്റം

"കിട്ടിപ്പോയ്.... കിട്ടിപ്പോയ്" കിട്ടുക്കടുവ സന്തോഷം കൊണ്ട് തുള്ളിച്ചാടി. തക്കുടു മുയലിനും പങ്കനെലിക്കും തലകറങ്ങുന്നതു പോലെ തോന്നി. അത്തിമരത്തിന്റെ ചുവട്ടിലിരുന്ന് ഗോലികളിക്കുകയായിരുന്നു അവർ. ഓർക്കാപ്പുറത്താണ് അവർ കിട്ടുവിന്റെ പിടിയിൽ പെട്ടത്. "നിങ്ങളെ ഞാനിന്ന് പൊരിച്ച് തിന്നും...........ഹി...ഹിഹി

കിട്ടുവിന്റെ വാക്കുകേട്ട് തക്കുടുവും പങ്കനും കിടു കിടാ വിറച്ചു. രക്ഷപ്പെടാൻ എന്തുണ്ടൊരു വഴി. കൂട്ടുകാർ തലപുകഞ്ഞാലോചിച്ചു.

തക്കുടുവിന് പെട്ടെന്നൊരു സൂത്രം തോന്നി.

അവൻ ചോദിച്ചു. "കിട്ടുച്ചേട്ടാ, കിട്ടുച്ചേട്ടാ ചേട്ടന് കാട്ടിലെ രാജാവാകണ്ടേ?"

വേണം. അതിനെന്താ ഒരു വഴി?

"വഴിയുണ്ടേന്നേ. ഈ പങ്കൻ അറിയപ്പെടുന്ന ഒരു മാന്ത്രികനാ. അവൻ വരയ്ക്കുന്ന മാന്ത്രികവലയത്തിനുള്ളിലിരുന്നാൽ ചേട്ടന്റെ ദേഹത്തുള്ള ഈ കറുത്ത വരകളൊക്കെ മാറും. പിന്നെ ചേട്ടന്റെ അടുക്കൽ സ്വർണ്ണം വച്ചാൽ ചേട്ടനേതാ സ്വർണ്ണമേതാ എന്നറിയണമെങ്കിൽ തൊട്ടുനോക്കണം. അല്ലേടാ പങ്കാ". തക്കുടു പങ്കനെ നോക്കി കണ്ണിറുക്കി.

"അതേയതേ, ചേട്ടൻ സിംഹരാജാവിനേക്കാളും മിടുക്കനാകും. അപ്പോൾ മൃഗങ്ങളെല്ലാംകൂടി ചേട്ടനെ രാജാവായി തെരഞ്ഞെടുക്കും."

"ഉവ്വോ. എന്നാലിപ്പോൾതന്നെ വട്ടം വരയ്ക്കെടാ. ഞാനതിലിരിക്കട്ടെ." കിട്ടു തക്കുടുവിനേയും പങ്കനേയും നിലത്തു നിറുത്തി.

"ചേട്ടാ, ദാ ആ കാണുന്ന ഇലവുമരത്തിനപ്പുറം മാന്ത്രികവട്ടം വരയ്ക്കാം.

മൂവരും അങ്ങോട്ടേയ്ക്ക് നടന്നു.

"ദാ, ഈ മാന്ത്രിക വട്ടത്തിൽ കണ്ണടച്ച് ചേട്ടൻ ഒരു നിമിഷം ഇരിക്കൂ. കണ്ണുതുറക്കുമ്പോൾ ചേട്ടന്റെ നിറം മാറിയിരിക്കും."

പങ്കൻ വരച്ച മാന്ത്രിക വട്ടത്തിലേക്ക് കിട്ടു കാലെടുത്തുവച്ചതേയുള്ളൂ

'ധടക്...പ്ധും' "ഹയ്യോ.....അമ്മേ....... എന്റെ നടുവൊടിഞ്ഞേ" കിട്ടുവിന്റെ നിലവിളി കാട്ടിലെങ്ങും മുഴങ്ങി.

സർക്കസ്സുകാർ മൃഗങ്ങളെ പിടിക്കാൻ കുഴി കുഴിക്കുന്നതും മരക്കമ്പുകളും പുല്ലുകളുമൊക്കെക്കൊണ്ട് കുഴിയുടെ മുകൾ ഭാഗം മൂടുന്നതും പങ്കനും തക്കുടുവും കണ്ടിട്ടുണ്ടായിരുന്നു.

"പൊന്നനിയന്മാരേ.... എന്നെ ഒന്ന് രക്ഷിക്കണേ........"കിട്ടുക്കടുവ കരച്ചിലിനിടയിൽ പറഞ്ഞു.



"രക്ഷിക്കാനുള്ളവർ ഇപ്പോൾ വരും. അവരുടെ അടി കൊണ്ട് നിന്റെ തൊലി പൊളിയും. അപ്പോൾ നിറം മാറും. കേട്ടോടാ കള്ള ക്കടുവേ." നാവുകടിച്ച് കലിതുള്ളുന്ന തക്കുടുവിനെ കണ്ട് പങ്കന് ചിരിയടക്കാനായില്ല. വേദനകൊണ്ട് പുളയുന്ന കിട്ടുവിനെ നോക്കി അവൻ പറഞ്ഞു.

"ഞങ്ങളോടു കളിച്ചാൽ ഇതായിരിക്കും ഫലം".



ആദ്യപാഠം

നേരം പുലർന്നുവരുന്നതേയുള്ളൂ. കുങ്കിയമ്മയുടെ ശിങ്കൻകോഴി ചിറകുകുടഞ്ഞു. പിന്നെ നീട്ടിക്കൂവി. കൊക്കര...ക്കോ നാട്ടിലുള്ള മറ്റ് പൂവൻ കോഴികൾ ശിങ്കന്റെ കൂവൽകേട്ടാണ് കൂവാൻ തുടങ്ങുന്നത് തന്നെ. പിടക്കോഴികൾ കോഴിക്കുഞ്ഞുങ്ങളോട് പറയും.

"നിങ്ങൾ ശിങ്കനമ്മാവനെ കണ്ടുപഠിക്ക്. അമ്മാവന്റെ കൃത്യനിഷ്ഠകണ്ടോ"

അതുകേൾക്കുമ്പോൾ കോഴിക്കുഞ്ഞുങ്ങൾക്ക് ദേഷ്യം വരും.

"തുടങ്ങി അമ്മാവന്റെ കേമത്തം വിളമ്പാൻ."

ഒരിക്കൽ കോഴിക്കുഞ്ഞുങ്ങളിൽ വെച്ച് സമർത്ഥനായ ചാരപ്പൻ ശിങ്കനോട് ചോദിച്ചു. "അമ്മാവാ... അമ്മാവാ അമ്മാവന് ഇത്രമനോഹരമായികുഴലുവിളിക്കാൻ കഴിയുന്നത് എങ്ങനെയാ?"

"അതോ നീ ആരോടും പറയില്ലെങ്കിൽ ഞാൻ പറയാം. "ശിങ്കൻ സ്വരം താഴ്ത്തി തുടർന്നു. "കുട്ടിക്കാലത്ത് കുങ്കിയമ്മ എനിക്ക് സ്വർണ്ണമലരു വറുത്തതാ തന്നിരുന്നത്. അതാ എനിക്കിത്ര സുന്ദര മായ ശബ്ദം."

"അതിന് അമ്മൂമ്മയുടെ കയ്യിൽ അത്രമാത്രം സ്വർണ്ണമലരുകൾ ഉണ്ടായിരുന്നോ?"

"കുങ്കിയമ്മയുടെ കട്ടിലിനു കീഴിലുള്ള കാൽപ്പെട്ടിയിൽ ഇപ്പോഴും കാണും സ്വർണ്ണമലരുകൾ. ശബ്ദം നല്ലതായതുകൊണ്ടാ നിങ്ങളെപ്പോലുള്ള കുഞ്ഞുങ്ങളെ കൂവാൻ പഠിപ്പിക്കണമെന്ന് കുങ്കി യമ്മ എന്നോടാവശ്യപ്പെട്ടത്"

ഇതുകേട്ടപ്പോൾ കോഴിക്കുഞ്ഞുങ്ങൾക്ക് ശിങ്കനമ്മാവനിലുള്ള വിശ്വാസം പത്തിരട്ടിയായി. പിറ്റേന്നുമുതൽ ശിങ്കനമ്മാവന്റെ ശിക്ഷ ണത്തിൽ കോഴിക്കുഞ്ഞുങ്ങൾ കൂവൽ പഠനം ആരംഭിച്ചു.

"കീയം.....കീയം.....കൂയ്"



"ഏയ്.. അങ്ങനെയല്ല കൊക്ക്...കൊക്ക്" - എത്ര പറഞ്ഞുകൊടുത്തിട്ടും കോഴിക്കുഞ്ഞുങ്ങൾക്ക് തലയിൽ കയറുന്നില്ല. ഇനിയിപ്പോ എന്താ ചെയ്ക-ശിങ്കൻ തലപുകഞ്ഞാലോചിച്ചു.

വലിയ ആശാനാണെന്ന് പറഞ്ഞിട്ട് ഇവറ്റകളുടെ അച്ഛനും അമ്മയും വരുമ്പോൾ ഇവർ പഠിച്ചില്ലെന്നറിഞ്ഞാൽ നാണക്കേടു കൊണ്ട് തനിക്ക് പുറത്തിറങ്ങാൻ പറ്റില്ല.

ങ്ഹാ. ഒരു വഴിയുണ്ട്. ശിങ്കനു സമാധാനമായി. അവൻ തൊട്ടടുത്ത പാടത്തേയ്ക്കു നോക്കി. അവിടെ ഒരു കൊക്ക് നിൽക്കുന്നുണ്ട്. രാവിലെ മുതൽ തുടങ്ങിയ നിൽപ്പാണ്. ഇതേവരെ ഒന്നും കിട്ടിയില്ലെന്നു തോന്നുന്നു. ചുള്ളിക്കമ്പുകൾ പോലുള്ള നേർത്ത കാലുകൾ വലിച്ച് വലിച്ച് മൂപ്പർ ശ്രമം തുടരുകയാണ്.

"എന്താ ആ പക്ഷിയുടെ പേര്?" ശിങ്കൻ കോഴിക്കുഞ്ഞുങ്ങളോടു ചോദിച്ചു.

"കൊക്ക്....." കോഴിക്കുഞ്ഞുങ്ങൾ വിളിച്ചു കൂവി.

"പതുക്കെ. ഒന്നിന്റെ പകുതിക്കെന്താ പറയുന്നത്?"

വിദ്യാർത്ഥികൾ ഒരു നിമിഷം നിശ്ശബ്ദരായി.

അടുത്ത വീട്ടിലെ എഴുത്താശാൻ പഠിപ്പിക്കുന്നത് ശ്രദ്ധിച്ചിട്ടുള്ള ചാരപ്പൻ പറഞ്ഞു.

"അര"

"ങ്ഹാ ഇനി നമ്മുടെയെല്ലാം കുലപ്പേരിന്റെ ആദ്യാക്ഷരം കൂടി ചേർത്തു പറഞ്ഞേ".

"കൊക്ക-ര-കോ—" "വെരിഗുഡ്..... വെരിഗുഡ്" അമ്മാവന് സമാധാനമായി. കുട്ടികൾ ആദ്യപാഠം പഠിച്ചുകഴിഞ്ഞല്ലോ.

ചങ്ങാത്തം

ചക്കരക്കുളം ഗ്രാമത്തിലെ ഒരു ചെറിയ കുടിലിലായിരുന്നു കേളുവപ്പൂപ്പന്റേയും കാളിയമ്മൂമ്മയുടേയും താമസം. മക്കളൊക്കെ പട്ടണത്തിലാണ്. അവിടേയ്ക്ക് ചെല്ലുവാൻ അവർ പലവട്ടം നിർബ്ബന്ധിച്ചിരുന്നു. മാതാപിതാക്കൾ ഗ്രാമത്തിൽ കഴിയുന്നത് അവർക്ക് വലിയ കുറച്ചിലാണത്രെ! പക്ഷെ, പ്രശാന്തസുന്ദരമായ ഈ നാട്ടിൽ പുറംവിട്ട് എങ്ങനെയാണ് ആ നഗരത്തിരക്കിൽ കഴിഞ്ഞുകൂടുന്നത്. ഹൊ! അപ്പൂപ്പനും അമ്മൂമ്മയ്ക്കും അത് ഓർക്കാനേ വയ്യ.

പറഞ്ഞിട്ടു ഫലമില്ലെന്ന് മനസ്സിലായപ്പോൾ മക്കൾ ഗ്രാമത്തിലേയ്ക്കുള്ള വരവ് നിർത്തി.

കേളുവപ്പൂപ്പനെ എല്ലാവർക്കും ഇഷ്ടമാണ്. പ്രത്യേകിച്ചു കുട്ടികൾക്ക്. തെങ്ങോലകൊണ്ട് പീപ്പിയും പന്തും കാറ്റാടിയും തൊപ്പിയുമൊക്കെ ഉണ്ടാക്കുവാൻ ഒരു പ്രത്യേക വിരുതുണ്ട് അപ്പൂപ്പന്.

“രാവിലെ തുടങ്ങി, പിള്ളേരുമായി ചങ്ങാത്തം. ഓരോരോ ഗോഷ്ടികളേയ്. ഈ വിറകൊന്ന് കീറിത്തന്നിരുന്നെങ്കിൽ അടുപ്പിൽ വെയ്ക്കാമായിരുന്നു.” അമ്മുമ്മ പരിഭവം പുറത്തുകാട്ടാൻ മടിക്കില്ല.

“ഒന്നു പോടീ, കെളവീ. അല്ലേ, അവളു പറയുന്നതു കേട്ടാൽ എനിക്കേതാണ്ട് വയസ്സായപോലെ തോന്നും. ദേ കണ്ടോ. എന്റെ വായിൽ പല്ലുമുളച്ചിട്ടില്ല. അതോണ്ട് എനിക്കിവരോടൊപ്പം ഇഷ്ടം പോലെ കളിക്കാം. നീ പോയി കേസുകൊടുക്ക്...” ഇത്രയും പറഞ്ഞ് പല്ലില്ലാത്ത മോണകാട്ടി അപ്പൂപ്പൻ പൊട്ടിച്ചിരിക്കും. കുട്ടികൾ ഒന്നടങ്കം ആ ചിരിയിൽ പങ്കുചേരും.



"എടോ മനുഷ്യാ, ഇതാണ് പരുവമെങ്കിൽ വെള്ളംകുടിച്ച് വയറു നിറയ്ക്കത്തേയുള്ളൂ..."

"ഓഹോ ധാരാളം... അതുമതി. പിന്നെ വെള്ളം തരുമ്പോ ഒന്നു തിളപ്പിച്ച് ച്ചിരി തേയിലേം ച്ചിരി പാലും ചേർത്ത് അരിച്ച് ച്ചിരി പഞ്ചാരേമിട്ട് തന്നാ വല്യ ഉപകാരമായി."

ഇതുകൂടി കേൾക്കുമ്പോൾ അമ്മൂമ്മയുടെ ക്ഷമ നശിക്കും. വായിൽ തോന്നിയതൊക്കെ വിളിച്ചുപറഞ്ഞുകൊണ്ട് അവിടെനിന്ന് പോയ്ക്കളയും.

കാര്യമിതൊക്കെയാണെങ്കിലും കേളുവപ്പൂപ്പന് കാളിയമ്മൂമ്മയെ ജീവനാണ്. അമ്മൂമ്മയ്ക്ക് തിരിച്ചും അങ്ങനെതന്നെ.

ഒരു ദിവസം വൈകുന്നേരം അല്പമകലെയുള്ള തന്റെ സ്നേഹിതന്റെ വീട്ടിൽപോയി തിരികെ വരികയായിരുന്നു അപ്പൂപ്പൻ. നേരം തന്നേ വൈകിയതിനാൽ തിടുക്കത്തിലായിരുന്നു നടപ്പ്. പൊന്തക്കാടിനടുത്തുവെച്ച് അറിയാതെ എന്തിലോ ചവിട്ടി. ഒരു തിളക്കം! അപ്പൂപ്പന്റെ കണ്ണഞ്ചിപ്പോയി. ശൂരൻ സർപ്പമായിരുന്നു അത്. അപ്പൂപ്പന്റെ ചവിട്ട് ശൂരന്റെ വാലിലാണ് ഏറ്റത്. അറിയാതെ പറ്റിപ്പോയ തെറ്റിന് അപ്പൂപ്പൻ മാപ്പുചോദിച്ചു. പക്ഷെ, ആരു കേൾക്കാൻ.

ശൂരൻ പറഞ്ഞു:

"പടുകിഴവാ കുടവയറാ
എണ്ണിക്കോ ദിവസങ്ങൾ
പത്താംനാൾ എത്തുമ്പോൾ
പട്ടടയിൽ എരിയും താൻ"

കേളുവപ്പൂപ്പൻ ഞെട്ടിപ്പോയി!! മരിക്കുന്നതിൽ ഒട്ടും ഭയമില്ല. പക്ഷെ, ഉഗ്രസർപ്പത്തിന്റെ കോപത്തിനിരയായി അതിന്റെ ദംശനമേറ്റ് മരിക്കുക. വിധി... അല്ലാതെന്തുപറയാൻ.

ദിവസങ്ങളൊന്നൊന്നായി കടന്നുപോയി. പത്താം ദിവസം! പേടികൊണ്ട് അപ്പൂപ്പന് പുറത്തേയ്ക്ക് നോക്കുവാൻ പോലും തോന്നിയില്ല. അപ്പോഴതാ അമ്മൂമ്മയ്ക്ക് കലശലായ പനിയും ചുമയും. ശ്വാസം കഴിക്കാൻ തന്നെ വിഷമം.

'എന്തെങ്കിലും ഉടൻ ചെയ്യണം... അല്ലെങ്കിൽ... തൊട്ടടുത്തെ

ഞാനും ഒരു വീടുണ്ടായിരുന്നെങ്കിൽ. ഓ, ഇനി അതൊക്കെ വിചാരിച്ചിട്ട് എന്തുകാര്യം. അമ്മൂമ്മയുടെ ദയനീയ സ്ഥിതികണ്ട് അപ്പൂപ്പന്റെ കണ്ണുനിറഞ്ഞു.

പാവം അവൾ തനിക്കും കുടുംബത്തിനും വേണ്ടി എത്രമാത്രം കഷ്ടപ്പെട്ടിരിക്കുന്നു. ഈശ്വരാ... അവൾക്കൊന്നും വരുത്തരുതേ.

നാണുവൈദ്യരുടെ വീട്ടിലേക്ക് കുറച്ചധികം ദൂരമുണ്ട്. വഴിയിലെവിടെയെങ്കിലും ആ പാമ്പ് പതുങ്ങിക്കിടക്കുന്നുണ്ടാവും. ഉം. വരുന്നതുവരട്ടെ. മുന്നോട്ടുപോവുക തന്നെ.

ഊന്നുവടിയുമെടുത്ത് അപ്പൂപ്പൻ ഇറങ്ങിനടന്നു. കൈത്തോടിന്റെ കരയിലെത്തിയപ്പോഴുണ്ട്, അതാ കിടക്കുന്നു സാക്ഷാൽ ശൂരൻ സർപ്പം! അറുപോക്കിരിയായ ഉടക്കുകണ്ണപ്പന്റെ ഉടക്കുവലയിൽ കുരുങ്ങി ഒന്ന് അനങ്ങാൻ പോലുമാവാതെ കിടക്കുകയാണ് അവൻ.

ഹാവൂ... രക്ഷപ്പെട്ടു! അങ്ങനെ ഇവനെക്കൊണ്ടുള്ള ശല്യം തീർന്നു. അപ്പൂപ്പൻ പോവാനൊരുങ്ങി.

"അയ്യോ, പോവല്ലേ കാർന്നോരേ... പോവല്ലേ. എന്നെ എങ്ങനെയെങ്കിലും രക്ഷിക്കണേ. ആ കണ്ണിച്ചോരയില്ലാത്ത കണ്ണപ്പൻ എന്നെ കണ്ടംതുണ്ടമാക്കും"- ശൂരന്റെ നിലവിളി ഉച്ചത്തിലായി.

സഹായമഭ്യർത്ഥിക്കുന്നത് ശത്രുവായിരുന്നാൽ പോലും അവഗണിക്കുന്നത് മനുഷ്യത്വമല്ല. ഏതായാലും ഒരു ജീവൻ രക്ഷിക്കാനല്ലേ താനിറങ്ങിയത്. ആദ്യം ഇതുതന്നെയാകട്ടെ.

വലക്കണ്ണികൾ പൊട്ടിച്ച് കേളുവപ്പൂപ്പൻ ശൂരനെ സ്വതന്ത്രനാക്കി.

"നിനക്കെന്നെ കൊല്ലണ്ടേ..." അപ്പൂപ്പൻ ചോദിച്ചു.

"ജീവൻ രക്ഷിച്ചയാളെ കൊല്ലുകയോ... മഹാപാപം." സർപ്പത്തിന്റെ സ്വരമിടറി.

ശൂരൻ സർപ്പത്തിന്റെ തലയിലെ രത്നത്തിന്റെ പ്രകാശം നാട്ടുവഴിയിലെ ഇരുളിനെ കീറിമുറിച്ചു. അനുസരണയുള്ള ഒരു കുട്ടിയെപ്പോലെ നടന്നുനീങ്ങുന്ന അവന്റെ പിന്നിൽ മറ്റൊരു കുട്ടിയെപ്പോലെ കേളുവപ്പൂപ്പൻ വേച്ചുവേച്ചുനടന്നു.

ഓർമ്മകളുടെ സുഗന്ധം

വേരും പെരുമയുമുള്ള അയ്യംകോവിൽ തറവാട്. പൊന്നും കുടത്തിനു പൊട്ടെന്നപോലെ തറവാടുമുറ്റത്ത് തലയുയർത്തി നിൽക്കുന്ന പത്മനാഭൻ. ഒത്ത ഉയരം. നിലത്ത് മുട്ടിയിഴയുന്ന തുമ്പി ക്കൈ. വെയിലേറ്റ് വെട്ടിത്തിളങ്ങുന്ന വലിയ കൊമ്പുകൾ. മറ്റു നാട്ടാ നകളെപ്പോലെ കൂച്ചുവിലങ്ങിന്റെ മുറിപ്പാടുകളോ അടിയുടെ പാടു കളോ ഒന്നും അവന്റെ ദേഹത്തില്ല. അതിനു കാരണം അവന്റെ യജ മാനന് അവനോടുള്ള വാത്സല്യം തന്നെ.

നേന്ത്രവാഴക്കുലയും ശർക്കരയുണ്ടയും അവിലും അവന് കൊടു ത്തിട്ടേ കേളപ്പനധികാരി തന്റെ പ്രാതൽ കഴിക്കൂ. പണ്ടുതൊട്ടേയുള്ള ശീലമാണത്. തറവാട്ടുവകക്ഷേത്രത്തിലെ ഉത്സവത്തിന് തിടമ്പേറ്റു ന്നതും നാട്ടിലെ സാംസ്കാരിക ഘോഷയാത്രയ്ക്ക് നേതൃത്വം നൽകുന്നതും പത്മനാഭൻ തന്നെ.

ആഴ്ചയിലൊരിക്കൽ പത്മനാഭന്റെ പുറത്തേറി നാട്ടുവഴിയിലൂ ടെയുള്ള അധികാരിയുടെ യാത്ര ഒന്നു കാണേണ്ടതുതന്നെയാണ്. പത്മനാഭന്റെ കഴുത്തിലെ മണിയുടെ ശബ്ദം എത്ര തിരക്കിലും ആളു കൾക്ക് തിരിച്ചറിയാം. അവർ ഭവ്യതയോടെ വഴിയിലേക്ക് വരും. ഉദ യസൂര്യനെപ്പോലെയുള്ള തങ്ങളുടെ തമ്പുരാനെയും പത്മനാഭ നെയും കാണുന്നതുതന്നെ അവർക്ക് പുണ്യമാണ്.

“എന്താ നാണു സുഖാണോ?”

“ഉവ്വ് തമ്പുരാനേ...” നാണുവിന്റെ മനംകുളിർത്ത മറുപടി.

സ്വർണ്ണനിറമുള്ള വാഴക്കുലയുമായി അപ്പോൾ ആരെങ്കിലും പത്മനാഭന്റെ മുന്നിലേക്ക് വരും. പക്ഷെ, വാങ്ങുവാൻ അവന് തെല്ലു മടിയാണ്. താനൊരു കൊതിയനാണെന്ന് ആളുകൾ വിചാരിച്ചാലോ. “വാങ്ങിക്കോടാ. കുട്ടാ. അവർ സന്തോഷംകൊണ്ട് തരുന്നതല്ലേ.”

അവൻ തലയാട്ടും. പിന്നെ വാഴക്കുലയുമായി നിൽക്കുന്നയാളെ തുമ്പിക്കൈകൊണ്ട് ഉഴിയും. വാഴക്കുല തുമ്പിക്കൈയിലൊതുക്കി മുന്നോട്ടുപോകുന്നതിന് മുമ്പ് മെല്ലെ തിരിഞ്ഞുനോക്കും. അപ്പോൾ എല്ലാവരും സ്നേഹത്തോടെ പറയും. “ഞ്ഞീം വരണം.”



മറുനാട്ടുകാർക്ക് ഒന്നും മനസ്സിലാകില്ല. അധികാരിയുടെ ആന സവാരിയും നാട്ടുകാരുടെ ആനസ്നേഹവും കാണുമ്പോൾ അവർ ആരും കേൾക്കാതെ പറയും: "ഇന്നാട്ടുകാർക്കും അധികാരിക്കും കിറുക്കാ." പക്ഷേ, അതാണോ വാസ്തവം. അല്ലേയല്ല. അതറിയണ മെങ്കിൽ അല്പകാലം പിറകോട്ടുപോകണം.

*** *** ***

ഒരു മഴക്കാലം. മഴയെന്നാൽ തുള്ളിക്കൊരുകുടം പെയ്യുന്ന മഴ. ഒപ്പം കടുത്ത ദാരിദ്ര്യവും. കേളപ്പനധികാരി അന്ന് ചെറുപ്പമാണ്. അയിത്തം നിലനിന്ന അക്കാലത്ത് പന്തിഭോജനം നടത്തിയ മഹാ ത്മാവാണ് അദ്ദേഹം. മറ്റു പ്രമാണിമാർ അദ്ദേഹത്തെ ഭ്രാന്തനെന്നും ഭ്രഷ്ടനെന്നുമൊക്കെ വിളിച്ചു. അധികാരിയുടെ സമ്പദ്പ്രതാപങ്ങ ളോട് ഏറ്റുമുട്ടാൻ ശക്തിയില്ലാത്തതിനാൽ അവർക്ക് വായ് മൂടേണ്ടി വന്നു. തലേന്ന് പെയ്ത മഴയേറ്റ് ഉള്ളംകുളിർത്ത തവളക്കൂട്ടം പോക്രോം... പോക്രോം... എന്നു കരഞ്ഞുകൊണ്ടിരുന്നു. മുറ്റം നിറ ഞ്ഞുകിടക്കുന്ന ഈയാംപാറ്റച്ചിറകുകൾ പണിക്കാർ അടിച്ചു വൃത്തി യാക്കി. നല്ലൊരു കായികാഭ്യാസി കൂടിയായിരുന്ന കേളപ്പനധികാരി തറവാട്ടിലെ ഇളമുറക്കാരെ ചില ചുവടുകൾ പഠിപ്പിക്കുന്ന തിരക്കി ലായിരുന്നു.

"ഓടിവായോ... ഏന്റപ്പനെ കാക്കോ... തമ്പ്രാ... ദൈവേ..." ചീരന്റെ കുടിലിൽ നിന്നാണ് നിലവിളി ഉയരുന്നത്. അധികാരി അഭ്യാസം നിർത്തി മാളികയുടെ മുകളിൽ കയറി ദൂരദർശിനിക്കുഴലിലൂടെ അക ലേയ്ക്ക് കണ്ണോടിച്ചു.

ഒരു വലിയ പിലാവ് ചീരന്റെ കുടിലിന്റെ മേലേയ്ക്ക് വീണിരി ക്കുന്നു. എത്രയും വേഗം എന്തെങ്കിലും ചെയ്തേ മതിയാവൂ... ചീരന്റെ അപ്പൻ പേങ്ങൻ തളർവാതം പിടിപെട്ട് വളരെക്കാലമായി കുടിലിൽ കിടപ്പാണ്. അധികാരി കേളുനായരെ വിളിച്ചു. തറവാട്ടിലെ കാര്യ സ്ഥനാണ് കേളുനായർ. ഉച്ചത്തിലുള്ള വിളികേട്ട് അയാൾ ഓടിക്കി തച്ചെത്തി.

"എന്താണാവോ കാര്യം"

"പാപ്പാൻ കുഞ്ഞയ്യനെ വിളിക്കൂ... വേഗം വേണം. ഒരത്യാവശ്യ മുണ്ട്."

"അത്... അത്... കുഞ്ഞയ്യൻ എന്തോ കാര്യത്തിനായി വീടുവരെ പോയിരിക്കുവാ. വൈകുന്നേരത്തേയ്ക്കേ മടക്കമുണ്ടാവൂ."

മടിച്ചുനിന്നിട്ട് കാര്യമില്ല. അധികാരി പത്മനാഭന്റെ അടുത്തേയ്ക്ക് ചെന്നു.

"കുട്ടാ നമുക്കൊരിടം വരെ പോണം"

സമ്മതമെന്നോണം അവൻ തുമ്പിക്കൈ ഉയർത്തി തലകുലുക്കി.

ആനപ്പുറത്തിരുന്ന് പടികടന്നുപോകുന്ന അധികാരിയെ നോക്കി കേളുനായർ മനസ്സിൽ പറഞ്ഞു: "ഓരോരോ പിരാന്ത്".

*** *** ***

ചീരന്റെ കുടിലിന്റെ മുമ്പിൽ വലിയൊരു ആൾക്കൂട്ടമുണ്ടായിരുന്നു. ആനപ്പുറത്തേറിവരുന്ന അധികാരിയെ കണ്ട് അവർ ഒരു നിമിഷം പരിഭ്രമിച്ചു. പിന്നെ വഴിയൊതുങ്ങി തൊഴുതുനിന്നു.

"വടവും കപ്പിയും കൊണ്ടുവാ..."

അധികാരിയുടെ കല്പന കേട്ട് ആരൊക്കെയോ പെട്ടെന്ന് പോയി കപ്പിയും വടവും കൊണ്ടുവന്നു.

കുടിലിന്റെ പുറത്തേക്ക് ചാഞ്ഞുകിടക്കുന്ന പിലാവിന്റെ തായ്ത്തടിക്കിടയിലൂടെ വടംകയറ്റി ചുറ്റിയ ശേഷം വടത്തിന്റെ ഒരറ്റം തൊട്ടടുത്തുള്ള പേരാലിൽ വരിഞ്ഞുകെട്ടി. മറ്റേയറ്റം കപ്പിയിലൂടെ കടത്തി പത്മനാഭന്റെ തുമ്പിക്കൈയ്യിൽ വെച്ചുകൊടുത്തു. കപ്പി ആഞ്ഞിലി മരത്തിന്റെ താഴത്തെ കൊമ്പിൽ കെട്ടിയുറപ്പിച്ചു. ഇത്രയും കാര്യങ്ങൾ അധികാരി തനിയെയാണ് ചെയ്തത്. അതും വളരെ വേഗത്തിൽ. ആളുകൾ എന്തോ അത്ഭുതം കാണുന്നതുപോലെ മിഴിച്ചു നിന്നുപോയി.

"വലിയെടാ കുട്ടാ... ആഞ്ഞുവലിക്ക്...."

പത്മനാഭൻ സർവ്വശക്തിയുമെടുത്ത് വടം വലിച്ചു. കുടിലിന്റെ പുറത്തേക്ക് വീണുകിടന്നിരുന്ന പിലാവ് അതാ ഉയർന്നുവരുന്നു. അല്പസമയത്തിനുള്ളിൽ അത് കുടിലിന്റെ പുറത്തുനിന്നും പൂർണ്ണമായി മാറി. കുടിലിന്റെ ഒരു ഭാഗംതന്നെ ഇല്ലാതായിരിക്കുന്നു.

ചീരൻ എങ്ങനെയോ അകത്തുകയറി.

"അപ്പാ... കണ്ണുതുറക്ക്..." ചീരൻ പേങ്ങനെ കുലുക്കിവിളിച്ചു.

"എന്റെ മകനേ..." അയാൾ കണ്ണുമിഴിച്ചു.

ചീരൻ അപ്പനെ കെട്ടിപ്പിടിച്ചുകരഞ്ഞു. അവന്റെ സന്തോഷാശ്രുക്കൾ വീണ് പേങ്ങന്റെ മനസ്സും കുളിർത്തു..

"അധികാരിത്തമ്പ്രാനാ ഏന്റെ അപ്പനെ ലക്ഷിച്ചേ..." കരച്ചിലിനിടയിൽ ചീരൻ ഒരു വിധം പറഞ്ഞൊപ്പിച്ചു.

"തമ്പ്രാൻ തൈവാ... കാണപ്പെട്ട തൈവം. ഏനൊന്ന് എണീച്ചാൻ കഴിഞ്ഞെങ്കീ ആ കാലീ കുമ്പിടായിരുന്നു..." പേങ്ങന്റെ തൊണ്ടയിടറി.

"എന്താ പേങ്ങാ, പേടിച്ചുപോയോ, കാവിലെ ഭഗവതീടെ കൃപ കൊണ്ട് ഒന്നും വരില്ലാട്ടോ.."

അധികാരിയും ചീരനും ചേർന്ന് പേങ്ങനെ കുടിലിൽ നിന്നും പുറത്തെത്തിച്ചു. പനമ്പും മുളയുംകൊണ്ട് ഉച്ചയ്ക്കുമുമ്പേ തറവാട്ടിലെ പണിക്കാർ പുതിയ കുടിൽ നിർമ്മിച്ചു.



"എന്നാൽ ഞാനിറങ്ങട്ടെ. തറവാട്ടിൽ ശ്ശി ജോലി ബാക്കിയുണ്ട്. ഇടയ്ക്കീ വഴി വരാം."

അവിടെ കൂടിയവരുടെ ആഹ്ലാദത്തിന് അതിരില്ലായിരുന്നു. അന്നോളം ഒരു തമ്പ്രാനും പാവങ്ങളുടെ കുടിലിലേയ്ക്ക് വന്നിട്ടില്ല. ഇതൊരു പുതിയ തുടക്കമാണ്. അവരെല്ലാവരും കൈകൾവീശി അധികാരിയെ യാത്രയാക്കി.

*** *** ***

പുറത്ത് തുമ്പിക്കൈ വണ്ണത്തിൽ മഴ തിമർത്തുപെയ്യുന്നു. ചിതൽ തിന്നുതുടങ്ങിയ സപ്രമഞ്ചക്കട്ടിലിൽ ചുരുണ്ടുകൂടിക്കിടന്ന് അധികാരി ചുറ്റും കണ്ണോടിച്ചു.

"ശങ്കരാ..."

"എന്തോ...."

ശങ്കരൻ ഓട്ടുഗ്ലാസ്സിൽ വെള്ളവുമായെത്തി. അധികാരിയുടെ വിളിക്ക് കാതോർക്കുവാൻ ഇപ്പോൾ ശങ്കരൻ മാത്രമേയുള്ളൂ. ഭാഗം വെച്ചുകിട്ടിയ സ്വത്തുംകൊണ്ട് ഇളമുറക്കാരൊക്കെ ഓരോരോ കര പറ്റിയിരിക്കുന്നു.

ആശ്രിതൻ ഒഴിച്ചുകൊടുത്ത വെള്ളം രണ്ടിറക്കു കുടിച്ച് അധികാരി ഒന്നു മന്ദഹസിച്ചു. പിന്നെ സാവധാനം കണ്ണുകളടച്ചു. അപ്പോൾ കാതങ്ങളകലെ നിന്നും കാൽച്ചങ്ങലക്കിലുക്കവും മണിയൊച്ചയും കാറ്റിലൂടെ അവിടമാകെ നിറയുന്നതും പത്മനാഭന്റെ തുമ്പിക്കൈ ഒരു മൃദുസ്പർശമായി മൂർദ്ധാവിൽ പതിയുന്നതും അദ്ദേഹം അറിഞ്ഞു. വിറയാർന്ന ആ ചുണ്ടുകൾ മന്ത്രിച്ചു: "കുട്ടാ, ന്റെ ഉണ്ണീ നീ വന്നുവല്ലോ..."

ഒരുമയുണ്ടെങ്കിൽ...

കുട്ടനാശാരിയുടെ തട്ടിൻപുറത്തെ സ്ഥിരതാമസക്കാരായിരുന്നു കീരപ്പനെലിയും കുടുംബവും. കുട്ടനാശാരിയുടെ പൂച്ചയായ ചിന്തൂരനുമായിട്ടായിരുന്നു കീരപ്പന്റെ കൂട്ട്. കുട്ടനാശാരി അത് ശ്രദ്ധിച്ചെങ്കിലും ചിന്തൂരനെ വിലക്കിയില്ല. എലികളും പൂച്ചകളും പണ്ടുമുതൽക്കേ വർഗ്ഗശത്രുക്കളാണല്ലോ. ഇന്നല്ലെങ്കിൽ നാളെ തന്റെ പൂച്ച എലികളെയൊക്കെ കൊന്നൊടുക്കുമെന്ന് അയാൾ പ്രതീക്ഷിച്ചു. പക്ഷേ, പ്രതീക്ഷിച്ചതുപോലെ ഒന്നും സംഭവിച്ചില്ല. കീരപ്പന്റേയും ചിന്തൂരന്റേയും സൗഹൃദം നാൾക്കുനാൾ ദൃഢമായി വന്നു. തനിക്കുകിട്ടുന്ന ആഹാരത്തിൽ ഒരു പങ്ക് കീരപ്പന് കൊടുക്കുവാൻ ചിന്തൂരൻ മറന്നില്ല.

ഏതാനുംനാൾ കഴിഞ്ഞപ്പോൾ തട്ടിൻപുറത്തെ എലിശല്യം വർധിച്ചു. "പൂച്ചമ്മാവൻ നമ്മുടെ ഫ്രണ്ടാ. പിന്നെ ആരെ പേടിക്കണം" എലിക്കുഞ്ഞുങ്ങൾ ആഹ്ലാദത്തോടെ പറഞ്ഞു.

കീരപ്പൻ ഇതുകേട്ട് എലിക്കുഞ്ഞുങ്ങളെ ശാസിച്ചു. "ആഹ്ലാദം അതിരുവിടരുത്. അഹങ്കാരം ആപത്തിലേക്ക് നയിക്കും"

പക്ഷേ, എലിക്കുഞ്ഞുങ്ങൾ അത് വകവെച്ചില്ല. അവർ മുമ്പത്തേതിലും കൂടുതൽ ശല്യമുണ്ടാക്കിക്കൊണ്ടിരുന്നു. കീരപ്പന്റെ

അമ്മാവന്റെ മകൻ നോസൻ മഹാ വികൃതിയായിരുന്നു. തന്റെ നീളൻവാൽ മച്ചിനിടയിലൂടെ താഴേക്ക് ഇട്ടിരിക്കുന്നത് അവന്റെ വിനോദമായിരുന്നു. അതുകാണുമ്പോൾ കുട്ടനാശാരിക്ക് കലിയിളകുമല്ലോ. അതുകണ്ട് രസിക്കാം. അതായിരുന്നു അവന്റെ ഉദ്ദേശ്യം. മച്ചിന്റെ വിടവിലൂടെ ഭിത്തിയോട് ചേർന്ന് തൂങ്ങിക്കിടക്കുന്ന എലിവാൽ കുട്ടനാശാരിയുടെ കണ്ണിൽ പെട്ടു. "കാണിച്ചുതരാം" അയാൾ അടുക്കളയിലേക്കോടി. കറിക്കരിയുന്ന കത്തിയാണ് കൈയിൽ തടഞ്ഞത്. ശ്ശ്! നിശ്ശബ്ദരാകാൻ തന്റെ മക്കൾക്ക് നിർദ്ദേശംകൊടുത്ത് കുട്ടനാശാരി ഉന്നംപിടിച്ചു. പിന്നെ ഒറ്റവെട്ട്.



"അയ്യയ്യോ..." നാണിയാശാരിച്ചി ഓടിയെത്തി. വെട്ടേറ്റ് പൊട്ടിയ ഭിത്തിനോക്കി അവർ തലയ്ക്ക് കൈകൊടുത്ത് ഇരുന്നുപോയി. നോസന് ദേഹമാസകലം ഒരു വിറയൽ അനുഭവപ്പെട്ടു. കീരപ്പൻ തക്കസമയത്ത് സൂചന തന്നില്ലായിരുന്നെങ്കിൽ!

അവൻ കീരപ്പന്റെ അടുത്തുചെന്നു. കൃതജ്ഞത കൊണ്ട് അവന്റെ കണ്ണ് നിറഞ്ഞിരുന്നു. അന്നു വൈകുന്നേരം കീരപ്പൻ എല്ലാ എലികളേയും വിളിച്ചുകൂട്ടി. അവൻ പറഞ്ഞു: "പ്രിയമുള്ളവരേ, നമുക്ക് ഈ വീട്ടിൽ പൂർണ്ണ സ്വാതന്ത്ര്യമുണ്ടെന്ന് വിചാരിച്ച് നാം അഹങ്കരിക്കരുത്. ചിന്തൂരൻ നമ്മുടെ ചങ്ങാതിയാണെന്നത് ശരിതന്നെ. പക്ഷേ, കുട്ടനാശാരിയുടെ കെണിയിൽ നിന്നും നമ്മെ രക്ഷിക്കാൻ ചിന്തൂരന് കഴിഞ്ഞെന്നുവരില്ല. അതിനാൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം."

“ഓ... പിന്നേ... കുട്ടനാശാരി ഞങ്ങളെ എന്തുചെയ്യാനാ അല്ലെങ്കിലും ഈ കീരപ്പനമ്മാവൻ ഒരു പേടിത്തൊണ്ടനാ”. കുഞ്ഞെലികൾ കളിയാക്കിച്ചിരിച്ചു.

“കണ്ടറിയാത്തവർ കൊണ്ടറിയും” കീരപ്പൻ ആരോടെന്നില്ലാതെ പറഞ്ഞു. അടുത്ത വികൃതി ഒപ്പിക്കാനായി എലിക്കുഞ്ഞുങ്ങൾ ഓടിപ്പോയി.

ഒരു ബഹളം!! കീരപ്പൻ ഉറക്കച്ചടവോടെ താഴേയ്ക്കുനോക്കി. എന്താണിത്? പണിതീർത്തുവെച്ച പുതിയ വാതിൽപാളി മറിഞ്ഞുകിടക്കുന്നു. ഏഴ് എലിക്കുഞ്ഞുങ്ങൾ അതിനടിയിൽ പെട്ട് ചതഞ്ഞു ചത്തുകിടക്കുന്നു. എന്തൊരു ദുർവിധി! തൊട്ടടുത്തായി വക്കുപൊട്ടിയ ഒരു പിഞ്ഞാണത്തിൽ പാലൊഴിച്ചുവെച്ചിരിക്കുന്നു. കാര്യം പിടികിട്ടി. ഇത് കുട്ടനാശാരിയുടെ ചതിയാണ്. പാത്രത്തിൽ പാലൊഴിച്ചു വെച്ചതും അത് കുടിക്കുവാൻ ചെന്ന എലിക്കുഞ്ഞുങ്ങളുടെ മേൽ വാതിൽപാളി മറിച്ചിട്ടതും കുട്ടനാശാരി തന്നെ. സൂക്ഷിച്ച് നടക്കണമെന്ന് അവരോട് പലവട്ടം പറഞ്ഞതാണ്. ‘വിനാശകാലേ വിപരീത ബുദ്ധി.’ കീരപ്പൻ കണ്ണുതുടച്ചു.

*** *** ***



നാളുകൾ പിന്നെയും കടന്നുപോയി. കീരപ്പനും ചിന്തൂരനും ഒരു പുതിയ സുഹൃത്തിനെ കൂടി കിട്ടി. കുഞ്ഞനാമ. പുൽത്തകിടിയിൽ ഇരുന്ന് കുറച്ച് വിശ്രമിക്കാമെന്ന് കരുതിയാണ് കീരപ്പനും ചിന്തൂരനും ഇറങ്ങിത്തിരിച്ചത്. "സഹായിക്കണേ, പൊന്നു കൂട്ടുകാരേ... എന്നെയൊന്ന് സഹായിക്കണേ..."

കൂട്ടുകാർ ഇരുവരും കുഞ്ഞനാമയുടെ അടുത്തേക്ക് ചെന്നു. "ആ കാണുന്ന ആമ്പൽകുളത്തിലാ എന്റെ താമസം. ഇന്ന് പത്തുമണിക്ക് എന്റെ പെങ്ങളുടെ കല്ല്യാണമാ... കല്ല്യാണത്തിന് തവളച്ചേട്ടന്റെ കച്ചേരി ബുക്ക് ചെയ്യാൻ ഒരാഴ്ചയ്ക്ക് മുമ്പേ പോയതാ ഞാൻ. തവളച്ചേട്ടനും സംഘവും വീട്ടിലെത്തിയിട്ടുണ്ടെന്ന് രാവിലെ ഫോൺ ചെയ്തപ്പോഴറിഞ്ഞു. യാത്രാക്ഷീണംകൊണ്ട് ഞാൻ കുറച്ചുറങ്ങിപ്പോയി. ഇനി എന്തുചെയ്യും? അവിടെയെത്തുമ്പോൾ മുഹൂർത്തം കഴിഞ്ഞുപോകുമല്ലോ."- കുഞ്ഞനാമ സങ്കടപ്പെട്ടു.

ചിന്തൂരൻ പറഞ്ഞു: "താൻ വിഷമിക്കേണ്ടെടോ, ഞങ്ങൾ സഹായിക്കാമെന്നേ.."

കീരപ്പനും ചിന്തൂരനും കൂടി കുഞ്ഞനെ ഉരുട്ടാൻ തുടങ്ങി.

അവർ പാടി:

"തക്കിട തരികിടയുരുളട്ടെ
കുഞ്ഞൻ വണ്ടി കുടുവണ്ടി
ആമ്പൽകുളമതിലെത്തട്ടെ
ഒത്തുപിടിച്ചോ ഐലേസാ..."

ഇരുവരുടേയും ശ്രമഫലമായി അല്പനേരം കൊണ്ട് കുഞ്ഞനാമ ആമ്പൽക്കുളത്തിലെത്തി. "അപ്പോഴേ പിന്നെക്കാണാം കേട്ടോ... റ്റാറ്റാ..." കുഞ്ഞൻ കൈവീശി കാണിച്ചു.

"ഓകെ. സീയു... ബൈ..." ഇരുവരും ഒരേ സ്വരത്തിൽ പറഞ്ഞു.

*** *** ***

ഒരു പ്രഭാതം

കീ... കീ... ദയനീയമായ കരച്ചിൽ കേട്ട് ചിന്തൂരൻ ചെവി വട്ടം പിടിച്ചു. കീരപ്പന്റെ സ്വരം എവിടെയായിരുന്നാലും ചിന്തൂരന് തിരിച്ചറിയാം. എന്തുചെയ്യണമെന്നറിയാതെ എലിപ്പെട്ടിക്കുള്ളിൽ അങ്ങോ

ട്ടുമിങ്ങോട്ടും ചുറ്റിത്തിരിയുന്ന കീരപ്പനെ അവൻ കണ്ടു. പാവം കീരപ്പൻ. കുട്ടനാശാരി ഉടൻ അവിടെയെത്തും. പിന്നെ എലിപ്പെട്ടി വെള്ളത്തിൽ മുക്കിപ്പിടിച്ച് കീരപ്പനെ ശ്വാസംമുട്ടിച്ച് കൊല്ലും. തന്റെ കൂട്ടുകാരനെ ഓർത്ത് ചിന്തൂരൻ തേങ്ങിക്കരഞ്ഞു. "ങ്യാവു... ങുർ... ങുർ.... ങ്യാ...."

കുട്ടനാശാരിക്കുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു. എലിപ്പെട്ടിയുമെടുത്ത് അയാൾ തോടിനുനേരെ നടന്നു. വെള്ളത്തിലിറങ്ങിനിന്ന് അയാൾ എലിപ്പെട്ടി സാവധാനം വെള്ളത്തിലേയ്ക്ക് താഴ്ത്തി.

"അയ്യോ... അമ്മേ...." അയാൾ നിലവിളിച്ചു.

കാലിലെന്തോ കടിച്ചു. അയാൾ കാൽപ്പത്തി ഉയർത്തിനോക്കി. ചോരവരുന്നുണ്ട്. വെപ്രാളത്തിനിടയിൽ എലിപ്പെട്ടി കയ്യിൽ നിന്ന് വിട്ടു പോയി. അയാൾ കരയ്ക്ക് കയറി വെള്ളത്തിലേക്ക് സൂക്ഷിച്ചുനോക്കി. അയാൾക്ക് സ്വന്തം കണ്ണുകളെ വിശ്വസിക്കാനായില്ല. ഭാരമുള്ള എലിപ്പെട്ടി അതാ വെള്ളത്തിന് മുകളിലൂടെ ഒഴുകിനീങ്ങുന്നു.

"എന്റെ എലിപ്പെട്ടി..." അയാൾ ഒച്ചയുണ്ടാക്കി. പെട്ടെന്ന് വെള്ളത്തിൽ ഒരു ചലനം. കുട്ടനാശാരി ഭയന്നുപോയി. വല്ല ജലപിശാചുമാണോ? അയാൾ തിരിഞ്ഞുനോക്കാതെ വീട്ടിലേയ്ക്കോടി. കീരപ്പൻ ചുറ്റും നോക്കി. ആരാണ് തന്നെ രക്ഷിച്ചത്? ആരെയും കാണുന്നില്ലല്ലോ...

"ഞങ്ങളാണേ..."കുഞ്ഞനാമയും കൂട്ടുകാരും തലയുയർത്തി. "കീരപ്പാ ഞങ്ങളാ നിന്നെ രക്ഷിച്ചത്. എന്നെക്കൊണ്ടുതന്നെ കഴിയില്ലെന്നോർത്ത് ചങ്ങാതിമാരെ കൂടി ഞാൻ ഒപ്പം കൂട്ടി. പെട്ടി വെള്ളത്തിൽ മുങ്ങിപ്പോകാതെ ഉയർത്തിപ്പിടിച്ചത് ഇവരെല്ലാവരും കൂടിയാ. കുട്ടനാശാരിയുടെ പെരുവിരലിൽ ഞാൻ ഒരു കടി കൊടുത്തിട്ടുണ്ട്. അയാൾ ശരിക്കും ഭയന്നുപോയി.

കുഞ്ഞനാമയും കൂട്ടുകാരും ചേർന്ന് എലിപ്പെട്ടി തോടിന്റെ അരികത്ത് കയറ്റിവെച്ചു. ചിന്തൂരൻ സർവ്വശക്തിയുമെടുത്ത് പെട്ടിയുടെ മൂടിയെ ലക്ഷ്യമാക്കി ചാടി... "പ്ഠേ..." പെട്ടി തുറന്നു. കീരപ്പൻ രക്ഷപ്പെട്ടു.

കീരപ്പനും ചിന്തൂരനും കുഞ്ഞനാമയോട് നന്ദിപറഞ്ഞു. പിന്നെ അടുത്തുകണ്ട കാട്ടിലെ ആളൊഴിഞ്ഞ പഴയ കുടിലിലേയ്ക്ക് പോയി. ദീർഘകാലം ആ ചങ്ങാതിമാർ സുഖമായി കഴിഞ്ഞു.

എന്നും മുത്തശ്ശനൊപ്പം

"ല്ലേ പോണു, ന്റെ കുട്ടി" കൈപ്പത്തി കണ്ണിനു മുകളിൽ വെച്ച് പുരികംചുളിച്ച് എഴുത്താശാൻ ആകാശത്തേയ്ക്ക് നോക്കി.

"ഏറോപ്ലെയ്നാ മുത്തശ്ശന്റെ കുട്ടി?" പൊട്ടിച്ചിരിച്ചുകൊണ്ട് കുഞ്ഞൂട്ടൻ ചോദിച്ചു.

"കുഞ്ഞൂട്ടാ, എനിക്ക് ദേഷ്യം വരൂട്ടോ. ഞാൻ പറഞ്ഞിട്ടില്ലേ, എന്റെ ഒരു ശിഷ്യനെപ്പറ്റി. അവന് വിമാനം പറത്തലാ പണി."

"പുളു, പുളു... ശൂ... ശൂ... ഠോ..." കുഞ്ഞൂട്ടൻ ഇറങ്ങിപ്പുറത്തേയ്ക്കോടി. മുത്തശ്ശന്റെ കയ്യിൽ കിട്ടിയാൽ ചെവി പൊന്നാക്കും. ഹൗ! മുത്തശ്ശന്റെ ചൂണ്ടുവിരലിന് എന്തൊരു പരുപരുപ്പാണ്. പാറപോലെ മണലിൽ അക്ഷരമെഴുതിയതാണത്രെ മുത്തശ്ശന്റെ ചൂണ്ടുവിരൽ ഇത്ര പരുപരുത്തതായത്.

മുത്തശ്ശന് വയസ്സ് തൊണ്ണൂറിന് മേലെയായി. അല്പം കേൾവിക്കുറവുണ്ടെന്നതൊഴിച്ചാൽ മറ്റു പ്രശ്നങ്ങളൊന്നുമില്ല.

ചെറിയതോതിൽ കൃഷിയുണ്ട്, മുത്തശ്ശന്. വെണ്ട, കോവൽ, പാവൽ, പടവലം, മത്തൻ എന്നുവേണ്ട ഒരുവിധപ്പെട്ട എല്ലാ പച്ചക്ക

റികളും വീടിനു തൊട്ടടുത്തുള്ള വരമ്പുകളിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വാഴകൃഷിയിലും മുത്തശ്ശൻ കേമനാണ്. ഞാലിപ്പൂവൻ, കണ്ണൻ, ഏത്തൻ, രസകദളി... അങ്ങനെ പലതരം വാഴകൾ കുലച്ചുകിടക്കു ന്നത് കാണാൻ എന്തു രസമാണ്. നേരം വെളുക്കുമ്പോൾതന്നെ കട്ടൻകാപ്പിയും കഴിച്ച് കൈക്കോട്ടുമെടുത്ത് മുത്തശ്ശൻ തൊടിയിലേ യ്ക്കിറങ്ങും. തിരികെയെത്തുമ്പോൾ പത്തുമണി കഴിഞ്ഞിരിക്കും.

ആദ്യ പേരക്കുട്ടി അവനായതുകൊണ്ടാണോ എന്നറിയില്ല. അവ നുമായാണ് മുത്തശ്ശന്റെ ചങ്ങാത്തം. അച്ഛനോ, അമ്മയോ കുഞ്ഞു ട്ടനെ തല്ലുവാൻ പിടിക്കുമ്പോൾ അവരെ ശകാരിക്കുന്നത് മുത്തശ്ശ

നാണ്. അപ്പോളവർ പറയും: "അച്ഛനാ, ഈ ചെക്കനെ ഇത്ര വഷളാക്കുന്നത്. അടിയുടെ കുറവാ ഇവന്." ഉടൻ അച്ഛന്റെ നേർക്ക് മുത്തശ്ശന്റെ ഒരു നോട്ടമുണ്ട്. "അതിലൊന്നും ഒരു കാര്യമില്ലെടാ ഗോപീ... തല്ലുന്നതുകൊണ്ട് ഒരാൾ നന്നാവുമെങ്കില് നീ എന്നേ നന്നായിപ്പോയേനെ. നിന്നെ എന്തോരം ഞാൻ തല്ലിയതാ" ഇതുകേൾക്കുമ്പോൾ അച്ഛൻ റോക്കറ്റിന്റെ വേഗത്തിൽ അവിടെനിന്ന് പോയ്ക്കളയും. ഇനിയും അവിടെനിന്നാൽ കാര്യം പന്തിയല്ലെന്ന് അച്ഛനറിയാം.

"ന്റെ പുന്നാര മുത്തശ്ശൻ!" കുഞ്ഞൂട്ടന്റെ കൈകൾ മുത്തശ്ശന്റെ



കഴുത്തിൽ ചുറ്റിവരിയും. വിദ്യാരംഭദിവസം ഹരിശ്രീ കുറിച്ചുകഴിയുമ്പോൾ കുട്ടികളുടെ രക്ഷിതാക്കൾക്ക് മുത്തശ്ശൻ ഉപദേശം കൊടുക്കും. "കുട്ട്യോളെ നല്ലോണം വളർത്തണം. അന്നം കൊടുക്കണം. അടീം കൊടുക്കണം. അമിത ലാളനയാവരുത്. അമിത ശിക്ഷയും പാടില്ല." ഒക്കെയും മനസ്സിലായി എന്ന അർത്ഥത്തിൽ രക്ഷിതാക്കൾ അപ്പോൾ പുഞ്ചിരിക്കും.

മുത്തശ്ശൻ മുമ്പ് പഠിപ്പിച്ച 'കുട്ടികൾ' അവരുടെ പേരക്കുട്ടികളുമായി എത്താറുണ്ട്.

"എന്നെ പഠിപ്പിച്ചപോലെ എന്റെ പേരക്കുട്ട്യേം ആശാൻ പഠിപ്പിക്കണം. ഇവനിത്തിരി മടിയനാ." "അതെന്താ ഗംഗാധരാ നീ അങ്ങനെ പറയുന്നത്. നിന്നോളം മടിയുണ്ടാവുമോ ഇവന്. മാത്രമല്ലടോ നാരായത്തിന്റെ മൂട് തേഞ്ഞുപോയെന്നേ..."

ഇതുകേൾക്കുമ്പോൾ ഒരു കള്ളച്ചിരിയോടെ പഴയ ശിഷ്യൻ ചെവിതിരുമ്മിനോക്കും. നാരായത്തിന്റെ മൂട് ചെവിയിൽ ചേർത്ത് മുത്തശ്ശന്റെ ഒരു പ്രയോഗമുണ്ടായിരുന്നെന്ന് മുത്തശ്ശി പറഞ്ഞുകേട്ടിട്ടുണ്ട്.

മൂന്നാം ക്ലാസിലാണ് പഠിക്കുന്നതെങ്കിലും 'ഇലക്ട്രോണിക്സ്' വിഷയത്തിൽ വലിയ കമ്പമുണ്ട് കുഞ്ഞൂട്ടന്. "രണ്ടു വയറു കിട്ടിയാൽ മതി. പിന്നെ ന്റെ കുട്ടന് ഊണുംവേണ്ട, ഉറക്കോം വേണ്ട" തന്റെ ആരോഗ്യകാര്യത്തിൽ മുത്തശ്ശന് പ്രത്യേക ശ്രദ്ധയുണ്ടെന്ന് കുഞ്ഞൂട്ടന് അറിയാം.

"മുത്തശ്ശാ, ഞാൻ മുത്തശ്ശന്റെ വയറെടുത്തിട്ടില്ലല്ലോ. അത് അവിടെത്തന്നെയില്ലേ..." മുത്തശ്ശന്റെ കുടവയറിന് നേരെ കുഞ്ഞൂട്ടൻ വിരൽചൂണ്ടും. അപ്പോൾ പല്ലില്ലാത്ത മോണകാട്ടി മുത്തശ്ശൻ പൊട്ടിച്ചിരിക്കും.

"ആശാന്റെ വീടല്ലേ ഇത്?" പൊക്കമുള്ള ഒരു കൊമ്പൻമീശക്കാരൻ. കുഞ്ഞൂട്ടൻ ശരിക്കും ഞെട്ടിപ്പോയി.

"മുത്തശ്ശൻ അവിടെ ഉണ്ട്" കുഞ്ഞൂട്ടൻ ഒരുവിധം പറഞ്ഞൊപ്പിച്ചു.

"ആശാനെന്നെ മനസ്സിലായോ?" വന്നയാൾ മുത്തശ്ശനോട് ചോദിച്ചു.

"കൊള്ളാം. മനസ്സിലായോന്നോ... ചേർക്കളത്തിലെ മോഹനനല്ലേ നിയ്യ്..?"

ആഗതന്റെ കണ്ണുകൾ അത്ഭുതംകൊണ്ട് വിടർന്നു.

"നിന്റെ മുഖം എപ്പോഴും മനസ്സിലുണ്ടായിരുന്നു, നീ വലിയ പൈലറ്റൊക്കെ ആയതും നിനക്ക് ഒത്തിരി സമ്മാനങ്ങളൊക്കെ കിട്ടിയതും പലരും പറഞ്ഞറിഞ്ഞു. അപ്പോഴൊക്കെ നിന്നെ ഒരുനോക്ക് കാണണമെന്ന് ആഗ്രഹിച്ചിരുന്നു. തലയ്ക്ക് മുകളിലൂടെ വിമാനം പറന്നുപോകുമ്പോൾ ഞാൻ കുഞ്ഞൂട്ടനോട് നിന്നെക്കുറിച്ച് പറയുമായിരുന്നു. എന്റെ കുട്ടിക്ക് ഇപ്പോഴെങ്കിലും ഒന്നു വരാൻ തോന്നിയല്ലോ."

"തിരക്കായിരുന്നാശാനേ... നിന്നു തിരിയാൻ പറ്റാത്തത്ര തിരക്ക്. ഇന്നലെ ഞാൻ ജോലിയിൽ നിന്ന് വിരമിച്ചു. ഇനി കൃഷികാര്യ

ങ്ങളെന്തെങ്കിലുമായി തറവാട്ടിൽ കഴിയണമെന്നാ ആഗ്രഹം. അച്ഛ നുമമ്മയും കഴിഞ്ഞാൽ മനസ്സിലേക്ക് എത്തുന്ന മുഖം ആശാന്റേ തായിരുന്നു. ഞാൻ നിത്യവും ആശാന്റെ വാക്കുകൾ ഓർമ്മിക്കുമാ യിരുന്നു."

മുത്തശ്ശന്റെ കണ്ണുനിറയുന്നത് കുഞ്ഞൂട്ടൻ ശ്രദ്ധിച്ചു. മുത്തശ്ശൻ പറയുന്നതുപോലെ ഇത് ആനന്ദക്കണ്ണീരാണ്.

മുത്തശ്ശനോടൊപ്പമിരുന്ന് ഊണുകഴിക്കുന്ന ആ മനുഷ്യനെ കുഞ്ഞൂട്ടൻ ഇടംകണ്ണിട്ടുനോക്കി. പൊട്ടിച്ചിരിച്ചുകൊണ്ട് അയാൾ ഊണ് തട്ടിവിടുകയാണ്. ഇനി മുത്തശ്ശന് കുറേ നാളത്തേയ്ക്ക് പറ യാനുള്ള കാര്യമായി. ഉം. വലുതാകുമ്പോൾ ഞാനും വിമാനം പറ ത്തും. താൻ വിമാനം പറത്തുന്നത് ഓർമ്മിച്ച് അവൻ ഊറിച്ചിരിച്ചു. കാര്യം മനസ്സിലായ മുത്തശ്ശൻ അവനെ കളിയാക്കി. "വിമാനം പറ ത്തുമ്പോഴാ നിന്റെ കിനാവ് കാണല്."

പുതിയ മനുഷ്യൻ

"ഈ കല്ലിനെന്താ വില?"

ചോദ്യംകേട്ട്, കല്ലുതോണി കടവിൽ കെട്ടിയിടുന്ന തോണിക്കാരൻ കുഞ്ഞിക്കണ്ണൻ തല ഉയർത്തിനോക്കി. ഒരു വൃദ്ധൻ. ദേഹമാസകലം ചേറു പുരണ്ടിരിക്കുന്നു. തോർത്തുമുണ്ടാണ് വേഷം. തലയിൽ പാളത്തൊപ്പി. പാടത്തുനിന്നുള്ള വരവുതന്നെ.

"ഊം... അറിഞ്ഞിട്ടിപ്പം എന്തോന്നിനാ?" തോണിക്കാരൻ തെല്ലു പുച്ഛരസത്തിൽ ചോദിച്ചു.

"കൊടുക്കോങ്കില് വാങ്ങാന്നു വെച്ചാ." സൗമ്യമായ മറുപടി.

"അല്ലല്ലേ. ഇതെന്നാ പുകിലാ, കാക്കാശിന് കൊണമില്ലാത്ത കെളവന് കല്ലുവാങ്ങാൻ പൂതി. ഇയാക്ക് എന്റെ തന്തേടെ പ്രായോണ്ട്. അല്ലെങ്കി ഇപ്പം കൈ മേടിച്ചേനെ." ഒച്ചപ്പാട് കേട്ട് കടവിൽ ആളുകൾ തടിച്ചുകൂടി. ഇതുകണ്ട് കുഞ്ഞിക്കണ്ണന് ഹരംപിടിച്ചു.

"ഈ നിൽക്കുന്നോരെല്ലാരും കൂടി കേൾക്കാൻ വേണ്ടി പറയുകയാ. എടോ കെളവാ ഈ കല്ലുമുഴുവൻ തോണിയടക്കം നിങ്ങൾക്ക് തന്നേക്കാം. നാലുപൊൻപണം തന്നാമതി."

ആൾക്കൂട്ടം ആർപ്പുവിളിച്ചു.

കിഴവന് അങ്ങനെ തന്നെ വേണം. അർഹിക്കാത്തത് ആശിക്കാൻ പാടുണ്ടോ? തകർന്നുപോയ ഒരു തറവാട്ടിലെ അംഗമാണ് അയാൾ. ചോദിച്ചോർക്കൊക്കെ വാരിക്കോരിക്കൊടുത്ത് പാളീസായിപ്പോയ ഒരു പാഴ്ജന്മം. ഇപ്പോൾ അവശേഷിച്ച ചെറിയ പാടശേഖരത്തിൽ വെയിലും മഴയുമേറ്റ് അയാൾ പണിചെയ്യുന്നു, ഒരുനേരത്തെ വിശപ്പകറ്റാൻ. എന്നിട്ടും അഹങ്കാരത്തിന് ഒട്ടും കുറവില്ല. പരദൂഷണക്കാർക്ക് ഒരു പുതിയ ഇരയെ കിട്ടിയ സന്തോഷം.

"ന്നാ പിടിച്ചോ." വൃദ്ധൻ തലയിലെ തൊപ്പിപ്പാളയെടുത്ത് നിലത്തേയ്ക്ക് വീശി. അതിനുള്ളിൽ നിന്നും പൊൻനാണയങ്ങൾ വീണു.

എന്താണിത്? കണ്ടുനിന്നവർക്ക് ഒന്നും മനസ്സിലായില്ല. അവ

രിൽ ചിലർ "എന്റെ ഈശ്വരാ" എന്നുറക്കെ വിളിച്ചുപോയി.

നിലത്തു പരന്നുകിടക്കുന്ന നാണയങ്ങളിൽ നിന്ന് നാലെണ്ണമെടുത്ത് വൃദ്ധൻ തോണിക്കാരന്റെ നേർക്കുനീട്ടി.

"ഇത് വാങ്ങിയിട്ട് കല്ലുംതോണി ഇങ്ങു മാറ്റിക്കെട്ട്." വൃദ്ധന്റെ സ്വരത്തിലെ പാരുഷ്യം അവിടെയുള്ളവരെ ഒന്നടങ്കം ഞെട്ടിച്ചു. എന്തൊരാജ്ഞാ ശക്തി! ആ കണ്ണുകളിൽ ജ്വലിക്കുന്നത് ദേഷ്യത്തിന്റെ കനൽ തന്നെ.

തോണിക്കാരൻ സർവ്വാംഗം വിയർത്തുപോയി.

പരീക്ഷയ്ക്ക് ഒരുങ്ങാത്ത കുട്ടി ചോദ്യപ്പേപ്പറിലെ കറുത്ത അക്ഷരങ്ങൾക്കുമുന്നിൽ പകച്ചിരിക്കുന്നതുപോലെ അയാൾ കൈ രണ്ടും തലയിൽ വെച്ച് നിലത്തിരുന്നുപോയി.

വെറുതെ ഒരു രസത്തിന് കിഴവനോട് അങ്ങനെ പറഞ്ഞതാണ്. പക്ഷെ, അതിത്രവലിയ പൊല്ലാപ്പാകുമെന്ന് ആരറിഞ്ഞു. പതിനാറാമത്തെ വയസ്സിൽ തുടങ്ങിയ തൊഴിലാണ്. വർഷമെത്ര കഴിഞ്ഞു, കയറിക്കിടക്കാൻ ചോർന്നൊലിക്കുന്ന ഒരു കൂരയല്ലാതെ തനിക്കെന്തുണ്ട്? ലക്ഷ്യമറിയാതെ ഒഴുകിനീങ്ങുന്ന തോണിപോലെ ജീവിതം എങ്ങനെയോ മുന്നോട്ടുപോകുന്നു. അച്ഛന്റെ കയ്യിൽ നിന്നും ഏറ്റുവാങ്ങിയ ഈ തോണിക്കയറാണ് അഞ്ച് ജീവിതങ്ങൾക്ക് പട്ടിണിയുടെ ഓളപ്പരപ്പിൽ ആശ്രയമായിത്തീരുന്നത്. ഇതു കൈവിട്ടുപോയാൽ... "കാരണവരേ..." കുഞ്ഞിക്കണ്ണന്റെ ചങ്കുതകർന്ന വിളി.

ആളുകൾ അമ്പരന്നുപോയി. അല്പംമുമ്പ് കടുവയെപോലെ അലറിയവനാണ് ഇപ്പോൾ ആട്ടിൻകുട്ടിയെപ്പോലെ നിൽക്കുന്നത്.

"തോണിക്കയറേൽപ്പിക്കെടാ. എന്നിട്ട് വേഗം വീട്ടിലേയ്ക്ക് പോയ്ക്കോ. ഈ നാടൽപ്പം പിശകാ." അതുവരെ നിശ്ശബ്ദനായി നിന്ന ഒരു കരപ്രമാണി സ്വരമുയർത്തി.

വൃദ്ധൻ കുഞ്ഞിക്കണ്ണന്റെ അടുത്തെത്തി. അല്പംമുമ്പുവരെ ആ മനുഷ്യനെ തിരിഞ്ഞുനോക്കാതിരുന്നവർ പോലും ഇപ്പോൾ അയാൾക്കുവേണ്ടി കരഘോഷം മുഴക്കുന്നു.

"അവനിട്ട് രണ്ട് കൊടുക്കമ്മാവാ. അവന്റെ അഹമതി ഒന്നു

കുറയട്ടെ." വൃദ്ധന്റെ കയ്യിലും നിലത്തുമുള്ള പൊൻനാണയങ്ങളിൽ മാറിമാറി കണ്ണുനട്ടുകൊണ്ട് ഒരുവൻ പറഞ്ഞു.

വൃദ്ധന്റെ മുഖത്തേക്ക് കുഞ്ഞിക്കണ്ണൻ സൂക്ഷിച്ചുനോക്കി. അതാ, ഇപ്പോൾ ആ കണ്ണുകളിൽ കാരുണ്യം ഓളംവെട്ടുന്നത് അവന് തിരിച്ചറിയാൻ കഴിയുന്നുണ്ട്. അവനെ മാറോടു ചേർത്തുകൊണ്ട് വൃദ്ധൻ മന്ത്രിച്ചു:

"ന്റെ കുട്ട്യേ, എനിക്കിതൊന്നും വേണ്ട. നിയ്യ് കല്ലോട് മല്ലിടണപോലെ ഞാൻ മണ്ണോട് മല്ലിടുന്നു. അങ്ങനെ അങ്ങനെനോക്കുമ്പോൾ നമ്മൾ രണ്ടുപേരും ഒരുപോലാ. നിന്റെ കണ്ണീര് വീഴ്ത്തി ഞാനീ തോണി സ്വന്തമാക്കുമെന്ന് നീ കരുതുന്നുണ്ടോ.

Light Books

കാവ്യദാസ് ചേർത്തല



കട്ടുറുമ്പിന്റെ കൊട്ടാരം

കാവ്യദാസ് ചേർത്തല